**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2581** **12.03.2020 ൽ മറുപടിയ്ക്ക്**

## വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ സ്ക്വാഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനും അവരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുന്നതിനുമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (എ) | വിദ്യാർത്ഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കോളേജ് തലത്തിൽ 899 ലഹരി വിരുദ്ധ ക്ലബ്ബുകളും, സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള 3272 പരാതിപ്പെട്ടികൾ വഴിയും, വിമുക്തി എന്ന മൊബൈൽ ആപ്പ് വഴിയും ലഭിക്കുന്ന പരാതികളിൽ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. 3338 സ്കൂളുകളും, 489 കോളേജുകളും വിമുക്തി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുള്ളതും ടി ഉദ്യോഗസ്ഥന്മാർ തങ്ങൾക്ക് ചുമതലയുള്ള വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബിലെ കൺവീനർമാർ, പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങിയ എന്തെങ്കിലും പ്രവണത നിലനിൽക്കുന്നുവോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>സംസ്ഥാനത്തുടനീളം എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും നിരന്തരം ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ പഠനത്തിലേക്കും മറ്റ് കായിക പ്രവർത്തനങ്ങളിലേക്കും ശ്രദ്ധ തിരിക്കുന്നതിന് സാധിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ 310 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ എൻ.എസ്.എസ്. ന്റെ സഹകരണത്താൽ വിദ്യാർത്ഥികൾക്കിടയിലും, സമൂഹത്തിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 2019 നവംബർ 14-ന് വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ബാഡ്ജ് ധരിക്കുകയും, 2019 ഡിസംബർ 4 ന് ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. എല്ലാ യൂണിവേഴ്സിറ്റി യൂണിയൻ പ്രതിനിധികളുടെയും സഹായത്തോടെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലും ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിദ്യാലയ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്നവർക്കെതിരെ എത്ര കേസുകളാണ് 2019-2020 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (ബി) | വിദ്യാലയ പരിസരങ്ങളിൽ നിന്നും അബ്കാരി, എൻ.ഡി.പി.എസ്, കോട്പ കേസുകളിലായി ആകെ 3665 കേസുകൾ കണ്ടെടുത്തിട്ടുണ്ട്. |
| (സി) | വിമുക്തി പദ്ധതി പ്രകാരം സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ കൂടി ഉൾപ്പെടുത്തി പ്രത്യേക ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കാൻ തയ്യാറാകുമോ? | (സി) | സ്കൂളുകളിലെ സ്റ്റുഡന്റ്സ് പോലിസ് കേഡറ്റുകളെ ഉൾപ്പെടുത്തി പ്രത്യേക ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ